**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 148** **12-10-2026-ൽ മറുപടിയ്ക്ക്**

**ശബരിമല സീസണിൽ അരവണ പായസം യഥേഷ്ടം ലഭ്യമാക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശബരിമലയിൽ പ്രസാദമായി നൽകുന്ന അരവണ പായസത്തിന് മണ്ഡലം മകരവിളക്ക് സീസണിന് മുമ്പ് തന്നെ ലഭ്യത കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

**മറുപടി:** 2026-27 മണ്ഡലം മകരവിളക്ക് മഹോത്സവം സുഗമമായി നടത്തുന്നതിലേയ്ക്ക് അരവണ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചിങ്ങമാസ പൂജ അവസാനിച്ച നാൾ മുതൽ അരവണ പ്ലാന്റ്(വലിയ തിടപ്പള്ളി) അറ്റകുറ്റ പണികൾ നടത്തുന്നതിലേക്കായി അടക്കുകയും കന്നി മാസ പൂജയ്ക്കായി മുൻ വർഷം കന്നി മാസ പൂജയ്ക്ക് എത്തിയ ഭക്തജനങ്ങളുടെ എണ്ണം കണക്കിലെടുത്ത് ആകെ 3,18,587 ടിൻ അരവണയുടെ കരുതൽ ശേഖരം തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ കന്നിമാസ പൂജ ആരംഭിച്ചതോടെ ഭക്തരുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായതോടെ 18/09/2026 വൈകുന്നേരം 5.00 മണിയോടെ 1,48,134 ടിൻ അരവണ വിറ്റഴിക്കുകയും ബാങ്കിന് വിതരണത്തിനായി നൽകിയ വിഹിതം കഴിച്ചുള്ള സ്റ്റോക്ക് ഏകദേശം 62,000 ടിന്നായി കുറയുകയും ചെയ്തു. മുൻവർഷം ഇതേ കാലയളവിൽ 1,72,40,220/- രൂപയുടെ അരവണ വിറ്റഴിച്ച സ്ഥാനത്ത് തൻവർഷം 2,57,52,900/- രൂപയുടെ വിൽപ്പന നടന്നു.

മാസപൂജ കാലയളവിൽ അരവണ പ്ലാന്റ് അടച്ചിട്ട് അറ്റകുറ്റപ്പണി നടത്തിയപ്പോൾ സന്നിധാനത്തെ തിരക്ക് മുന്നിൽക്കണ്ട് അരവണയുടെ കരുതൽ ശേഖരം കൂടുതൽ സൂക്ഷിക്കാതിരുന്നതാണ് കന്നി മാസ പൂജാ സമയത്തെ അരവണ ക്ഷാമത്തിന് കാരണം. അരവണ, അപ്പം പ്രസാദ വിതരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വവും ചുമതലയും തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. ഇതുസംബന്ധിച്ച് വീഴ്ചയും പരാതികളും ഉണ്ടാകുമ്പോൾ മാത്രമാണ് സർക്കാർ ഇടപെടുന്നത്. ഈ വിഷയം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി മേലിൽ ഈ പ്രശ്നം ആവർത്തിക്കരുതെന്ന് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** കഴിഞ്ഞ വർഷം മണ്ഡലകാല മകരവിളക്ക് സീസണിൽ എത്രലക്ഷം പാക്ക് അരവണപ്പായസം ആണ് ഭക്തർ വാങ്ങിയത്; ഇതിന്റെ വിലയായി ദേവസ്വത്തിന് എത്ര കോടി രൂപ വരുമാനമായി ലഭിച്ചു; വിശദമാക്കുമോ;

**മറുപടി:** കഴിഞ്ഞ വർഷം മണ്ഡലകാല മകരവിളക്ക് സീസണിൽ 2,17,51,824 എണ്ണം അരവണ പ്രസാദം വിൽപന നടത്തിയിട്ടുണ്ടെന്നും. ഇതിന്റെ വിലയായി 217,51,82,440/- രൂപ വരുമാനം ലഭിച്ചിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**(സി)** ഈ വർഷം എത്ര ലക്ഷം പാക്ക് അരവണ പായസം മണ്ഡലകാല മകരവിളക്ക് ശബരിമല സീസണിൽ ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** 2026-27 മണ്ഡല-മകരവിളക്ക് സീസണിൽ ഭക്തരുടെ ആവശ്യാനുസരണം അരവണ പ്രസാദം തടസ്സമില്ലാതെ വിതരണം ചെയ്യുന്നതിനായി 80 ലക്ഷം ടിൻ അരവണയുടെ ബഫർ സ്റ്റോക്ക് കരുതാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. അരവണ നിർമ്മാണത്തിന്റെയും വിതരണത്തിന്റെയും പൂർണ്ണ ഉത്തരവാദിത്വമുള്ള ബോർഡിന്റെ ഈ അറിയിപ്പ് യഥാർത്ഥ്യമാകുമെന്നാണ് സർക്കാരിന്റെ വിശ്വാസം.

**(ഡി)** അയ്യപ്പഭക്തർക്ക് യഥേഷ്ടം അരവണപ്പായസം ലഭ്യമാക്കാൻ ചെയ്ത മുന്നൊരുക്കങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കൂടുതൽ ബോയിലറുകളും കൂളിംഗ് ചേമ്പറുകളും സ്ഥാപിച്ചുകൊണ്ട് അരവണ പ്ലാന്റിന്റെ പ്രതിദിന ഉൽപ്പാദനശേഷി 2.6 ലക്ഷം ടിന്നിൽ നിന്നും 3.6 ലക്ഷം ടിന്നുകളായി ഉയർത്തി കൊണ്ട് തുലാമാസപൂജയ്ക്കായി 7 ലക്ഷം ടിൻ അരവണ നിർമ്മിക്കുകയും, മണ്ഡല- മകരവിളക്ക് സീസണിലേക്ക് ആവശ്യമായ 80 ലക്ഷം ടിന്നുകളുടെ ബഫർ സ്റ്റോക്ക് ഘട്ടങ്ങളായി ഉറപ്പാക്കുകയും ചെയ്യുമെന്നും ഇതിലേക്ക് ആവശ്യമായ 5000 മെട്രിക് ടൺ ശർക്കര GeM പോർട്ടൽ വഴിയും ദേശീയ പത്രങ്ങളിൽ പരസ്യം നൽകിയുള്ള ഇ-ടെണ്ടർ വഴിയും ഉറപ്പാക്കിയിട്ടുണ്ടെന്നും കൂടാതെ ടിന്നുകൾ, മൂടികൾ, അപ്പത്തിനും അരവണയ്ക്കുമുള്ള മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വിതരണ കരാറുകളും പൂർത്തിയാക്കിയിട്ടുണ്ടെന്നും അസംസ്കൃത വസ്തുക്കൾ പമ്പയിലെ ഗോഡൗണിൽ സ്വീകരിച്ച് ഫുഡ് സേഫ്റ്റി ലബോറട്ടറിയിൽ വിശദമായ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**